## പതിന്നാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 1093 30/09/2016 ൽ മറുപടിക്ക്

# ആക്രമണകാരികളായ തെരുവുനായ്ക്കൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലെ ആക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലണമെന്ന സർക്കാർ നിലപാടിൽ മാറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | എ) തെരുവുനായ്ക്കളെ കൊല്ലുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടില്ല. |
| ബി) | തെരുവ് നായ്ക്കളെ കൊന്നാൽ കോടതിയലക്ഷ്യത്തിന് നടപടിയെടുക്കുമെന്ന് കാണിച്ച് ഒരു അഭിഭാഷകൻ മുഖ്യമന്ത്രിക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സർക്കാരിന്റെ നിലപാടുമാറ്റത്തിനു കാരണമായിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടില്ല. |
| സി) | അപകടകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സുപ്രീംകോടതി വിലക്കില്ലെന്ന കാര്യം ശരിയാണോ; എങ്കിൽ അത്തരം നായ്ക്കളെ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ മാത്രം കൊല്ലുന്നത് അനുവദനീയമാണ്. അനിമൽ ബർത്ത് കൺട്രോൾ റൂൾ 2001-ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെ മാത്രമെ കൊല്ലുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.